➪ സ്തുതിഗീതം ഇംഗ്ലീഷിൽ പടയ്ക്കാനുള്ള കാരണമെന്തായിരിക്കും? ➪

# മുഖ്യമന്ത്രിയുടെ മനോവിചാരങ്ങൾ

എന്തുകൊണ്ടാണ് പിണറായി വിജയൻ പ്രകൃതിസ്നേഹികളെയും പരിസ്ഥിതി പ്രവർത്തകരെയും 'വികസന വിരോധികൾ' എന്നു വിളിച്ച് നേരിടുന്നത് എന്നതിന് ഒരു മനഃശാസ്ത്ര വിശകലനം.

■ കെ. സജിമോൻ

"സ്വാമിയാണ് ഗുരു/സ്വാമിയാണ് ബന്ധു/
സ്വാമിയാണ് വഴികാട്ടി/ സ്വാമിയാണ് പ്രപഞ്ചം/
സ്വാമി സർവ്വവ്യാപിയാണ്/സ്വാമി സർവ്വശക്തനാണ്/
ഞാനും നീയും അറിയണം/സർവ്വതിനും അധികാര
മുള്ളവൻ/സ്വാമിയാണെന്ന്..../.......എന്റെയും
നിന്റെയും ഭരണാധികാരി/സ്വാമി മാത്രമാണ്
ഞാനും നീയും പ്രപഞ്ചവും/ഭരിക്കപ്പെടേണ്ടത്
സ്വാമിയാലാണ്/ഏറ്റവും പരമമായ സത്യം
അയ്യപ്പസ്വാമിയാണ്...."

പരിഭാഷയിലെ തെറ്റുകൾ (ശരികൾ) സദയം ക്ഷമിക്കുക. കാരണം കീറ്റ്സ്, ഷെല്ലി തുടങ്ങിയ പ്രമുഖ കവികൾക്കുശേഷം ആംഗലേയത്തിൽ നല്ലൊരു കവിത കേട്ടിട്ട് എത്ര കാലമായെന്നറിയുമോ? പിൻഗാമികൾ നൂറ്റാണ്ടുകൾക്കുശേഷം പിറക്കും, ഒരു അവതാരപ്പിറവിയായി. ഇപ്പോൾ ആ പിറവി സംജാതമായിരിക്കുകയാണ്. മഹാകവി ജി. സുധാകരൻ എന്ന മന്ത്രിയുടെ പ്രകൃതിവർണ്ണനയാണ് മുകളിൽ. അർത്ഥവ്യാപ്തി ചോരാതെ ആരോ പരിഭാഷപ്പെടുത്തിയതിനെ ഒന്നു തേച്ചുമിനുക്കിയെടുത്തു എന്നുമാത്രം.

കവി മഹാനാണ്; രാത്രി ഉറക്കിലോ മറ്റോ ചെന്നെത്തിയ കാടിന്റെ ശാന്തതയിൽ നിന്നും പ്രപഞ്ചത്തിന്റെ വർണ്ണനകളിലൂടെ കയറി 41 ദിവസത്തെ പ്രതിനിധാനം ചെയ്യുന്ന 41 വരികൾ കഴിഞ്ഞ് (കടഞ്ഞ്) അയ്യപ്പസ്വാമിയിലേക്കെത്തുകയാണ് കവി. 41 വരികൾ കഴിഞ്ഞ് മലകയറിയതിന്റെ ക്ഷീണത്താലോ, അയ്യപ്പനെ കണ്ട ഭക്തിനിർഭരതകൊണ്ടോ 42–ാമത്തെ വരിയിൽ ഒന്നിരുന്നു.(ഇരുത്തംവന്ന കവി തന്നെ!) തുടർന്നാണ് അയ്യപ്പവർണ്ണന. ഭക്തകവിയെന്നു വിളിക്കുന്ന പൂന്താനത്തെപ്പോലും തോൽപ്പിക്കുന്ന ഭക്തിരസംതന്നെയല്ലേ ഇത് എന്ന് വർണ്ണ്യത്തിൽ ആശങ്ക!

പുലിയെ കൊല്ലാനിറങ്ങുന്ന മുരുകനെ ആരാധിക്കുന്നതാണ് പുതിയ കാലം. പുലിയെ മെരുക്കി പുലിപ്പാലുമായി വരുന്ന അയ്യപ്പചരിതത്തിന് പ്രചുരപ്രചാരം നേടിക്കൊടുക്കേണ്ടത് എന്തുകൊണ്ടും അത്യാവശ്യമാണ്. ഭരണത്തിലിരിക്കുന്ന, അതും കവിയായ മന്ത്രി അതു ചെയ്തില്ലെങ്കിൽ! മോശം മോശം!!

സ്തുതിഗീതം ഇംഗ്ലീഷിൽ പടയ്ക്കാനുള്ള കാരണമെന്തായിരിക്കും? പാർട്ടി വിപ്ലവകവി ഏഴാച്ചേരി രാമചന്ദ്രന് കിട്ടാത്ത, പ്രഭാവർമ്മയ്ക്ക് കേന്ദ്രത്തിൽ നിന്നും കിട്ടിയ എന്തോ ഒന്ന് സുധാകരകവി ലക്ഷ്യമിടുന്നുണ്ടോ എന്ന് സംശയിച്ചാലും തെറ്റില്ല. കാരണം കേന്ദ്രഭരണപ്പാർട്ടി കേരളത്തിൽ മാനത്തുകാണുമ്പോൾ അത് നടപ്പാക്കിക്കൊടുക്കുന്ന സർക്കാരാണ്

ഇവിടെയുള്ളത്. സാമ്പത്തികസംവരണത്തിലൂടെ അതു നാം കണ്ടതുമാണ്. ഈ പിണറായി സർക്കാരിലെ മന്ത്രിപുംഗവനായ സുധാകരകവി ഒരു ഇംഗ്ലീഷ് കവിതയെഴുതി പ്രസിദ്ധീകരിപ്പിച്ചതിലുള്ള താൽപര്യം അങ്ങ് ഡൽഹിയിലും ഒരു പിടി പിടിപ്പിക്കാനുള്ള തത്രപ്പാടാകുമോ? അങ്ങനെയെങ്കിൽ അടുത്തുതന്നെ ഹിന്ദിപരിഭാഷകൂടി കാണേണ്ടിവരുമല്ലോ എന്റെ ഡിങ്കാ എന്ന് ഡിങ്കോയിസ്റ്റ് മതക്കാർ!

സുധാകരന്റേത് ഒരു സ്തുതിഗീതമാണ്. സ്തുതിഗീതം അയ്യപ്പനേക്കാൾ ഇഷ്ടപ്പെടുന്നത് മറ്റു ചിലർക്കാണ്. നിരവധി സ്തുതിപാഠകർ ഉണ്ടെന്ന് കേൾക്കുന്ന പിണറായി വിജയന്റെ ഫാൻസ് അസോസിയേഷൻ സെക്രട്ടറിയായിരുന്നു ജി. സുധാകരൻ. ആ വഴിക്ക് നോക്കുകയാണെങ്കിൽ അയ്യപ്പന് എന്ന പുറംമോടിയിൽ വിജയസ്വാമിയുടെ പ്രകീർത്തനങ്ങളാകാം കവി ഉൾവരികളിലൂടെ കാണുന്നത്. കമ്യൂണിസ്റ്റുകാരനായ, ദൈവവിശ്വാസിയല്ലാത്ത സുധാകരൻ അയ്യപ്പസ്തുതി എഴുതേണ്ട കാര്യമെന്ത്?!

ഓഖി ചുഴലിക്കാറ്റ് തീരത്തെ തകർത്തപ്പോഴായിരുന്നു അവസാനമായി സ്തുതിപാഠകരുടെ വിളയാട്ടം കണ്ടത്. എന്തായിരുന്നു തള്ളലുകൾ! തള്ളിത്തള്ളി ഇന്ത്യയെ അറബിക്കടലിൽ താഴ്ത്തുന്ന മോടിയുള്ള മാമനെവരെ തോൽപ്പിക്കുമല്ലോ ഉണ്ണീ എന്നൊരു ആശങ്കവരെയുണ്ടായി.

ഓഖി ചുഴലിക്കാറ്റ് ഒരു കൊടുങ്കാറ്റു മാത്രമായിരുന്നില്ല, ഒരു ഓർമ്മപ്പെടുത്തലായിരുന്നു. സ്തുതിപാഠകരുടെ വാക്കുകൾപോലെ, മുന്നറിയിപ്പു ലഭിച്ചോ ഇല്ലയോ എന്ന മട്ടിലുള്ള വാദപ്രതിവാദംകൊണ്ട് അടയ്ക്കാവുന്നതായിരുന്നില്ല ഓഖി. ഒരുപക്ഷെ മുഖ്യന്റെ ചില വാക്കുകൾക്കുള്ള മറുപടിയായിരുന്നു അത്. പ്രകൃതിയ്ക്കുമേൽ കോടാലിക്കൈവയ്ക്കുന്ന, കടൽത്തീരത്തെ കല്ലിട്ട് നികത്തി പോർട്ട് പണിയുന്നതിനെതിരെയുള്ള പ്രതിഷേധമായിട്ടുതന്നെ വേണം ഓഖിയെ കാണാൻ. എന്നിട്ടും മുന്നറിയിപ്പ് നല്കിയോ ഇല്ലയോ എന്നതിൽ തർക്കിച്ച് ജയിക്കാനുള്ള വെമ്പൽ ഓട്ടയെ ഇരുട്ടുകൊണ്ട് അടയ്ക്കാനുള്ള ശ്രമമാണ്. വികസനവിരോധികളെ നേരിടുമെന്ന് നാഴികയ്ക്ക് നാൽപതുവട്ടം പറയുന്ന മുഖ്യന്റെ മുന്നിലേക്കിട്ടുകൊടുത്ത തെളിവായിരുന്നു ഓഖി. പക്ഷെ, അത് അവഗണിച്ച് ആഢംബരകല്യാണപന്തലിൽ നാലുകൂട്ടം പായസസദ്യയുണ്ടു നടക്കുകയാണ് മുഖ്യമന്ത്രി പിണറായി വിജയൻ.

അതിരപ്പിള്ളി പദ്ധതി നടപ്പാക്കും എന്ന് വാശിപിടിക്കുന്ന, ജനകീയസമരങ്ങളെ അടിച്ചമർത്താൻ വെമ്പുന്ന, തുടർച്ചയായി വെല്ലുവിളിച്ചുകൊണ്ടിരിക്കുന്ന മുഖ്യമന്ത്രി പിണറായി വിജയൻ ആരെയാണ് ഭരിച്ചുവികസിപ്പിക്കാൻ പോകുന്നത്? ആരോടാണ് പിണറായി വിജയൻ വെല്ലുവിളിക്കുന്നത്? ആരോടാണ് ചിരിച്ചുല്ലസിക്കുന്നത്? എപ്പോഴാണ്? എന്തുകൊണ്ടാണ്? സ്തുതിഗീതങ്ങളെഴുതുന്ന കമ്യൂണിസ്റ്റുകാരൻ എന്ന് സുധാകരനെ ആക്ഷേപിക്കുന്നതൊക്കെയും ചെറുതുമാത്രമാകുന്നു!

മന്ത്രി ജി. സുധാകരന്റെ കവിത ആദ്യത്തെ നാല്പതുവരി വന്യസുന്ദരമായ കാടിനെക്കുറിച്ചായിരുന്നു; പ്രകൃതിയെക്കുറിച്ചായിരുന്നു. ഉറക്കത്തിലുണർന്ന് കാണുന്ന ആ കാട്, പ്രകൃതി ഇവയെല്ലാം സ്വപ്നമല്ല, സത്യമായിരുന്നു എന്നും അവ സംരക്ഷിക്കേണ്ടതാണെന്നും കവിമന്ത്രി മനസ്സിലാക്കിയെങ്കിൽ കവിതയിലൂടെയെങ്കിലും മുഖ്യന് കാണിച്ചുകൊടുക്കേണ്ടത് അത്യാവശ്യമായിരുന്നു. എല്ലാം തകർത്താലും വികസനം വേണമെന്നു ചിന്തിക്കുന്ന മുഖ്യന് ഓഖി ചുഴലിക്കാറ്റ് നിന്റെ തെറ്റിദ്ധാരണകളുടെ, അഹംഭാവത്തിന്റെ വൻമരം പിഴുതെറിയാൻ വന്ന അവതാരങ്ങളിലൊന്നായിരുന്നുവെന്ന് പറഞ്ഞുകൊടുക്കേണ്ടിയിരുന്നു. കടലിളകിയതുപോലെ കടൽജീവിതങ്ങൾ ഇളകിയപ്പോഴും മനസ്സിളകാതിരുന്നതെന്തുകൊണ്ടായിരുന്നുവെന്ന് മുഖ്യൻ അങ്ങനെയെങ്കിലും നാട്ടുഭാഷയിൽ തിരിച്ചുപറഞ്ഞെങ്കിൽ എന്ന് ആശിച്ചുപോകുന്നു.

എന്തുകൊണ്ടാണ് പിണറായി വിജയൻ പ്രകൃതിസ്നേഹികളെയും പരിസ്ഥിതിപ്രവർത്തകരെയും 'വികസനവിരോധികൾ' എന്നു വിളിച്ച് നേരിടുന്നത് എന്ന് പരിശോധിക്കേണ്ടതുണ്ട്. സിഗ്മണ്ട് ഫ്രോയ്ഡ് എന്ന മനശാസ്ത്രത്തിന്റെ പിതാവിന്റെ വാക്കുകളിലൂടെത്തന്നെയാവാം ആ പരിശോധന.

മനുഷ്യമനസ്സിന്റെ ഘടനയിൽ മൂന്ന് അംശങ്ങളുണ്ട്. ഈഗോ അഥവാ അഹംഭാവം, ജന്മവാസന, സന്മാർഗ്ഗബോധം എന്നിവയാണതെന്ന് 'അഹംഭാവവും ജന്മവാസനയും' എന്ന ഗ്രന്ഥത്തിലൂടെ മനസ്സിന്റെ ഘടനാസിദ്ധാന്തത്തെക്കുറിച്ച് ഫ്രോയ്ഡ് വിശദീകരിക്കുന്നു. ഒരു കുഞ്ഞിന് തന്റെ ആനന്ദത്തിൽമാത്രം ജീവിതത്തെ മുന്നോട്ടു നയിക്കുന്നതാണ് ജന്മവാസനയെന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. അഹംഭാവത്തിന്റെ രൂപം എത്തുന്നത് ജന്മവാസനയിൽ നിന്നും വളർന്നുകൊണ്ടിരിക്കുകയും ചുറ്റുപാടു

⇨ ഇത് അവരുടെ മനസ്സിന്റെ പൂർണ്ണമായ അടിയറവുപറയലായി കണക്കാക്കാൻ പറ്റില്ല ⇨

കൾകൂടി സ്വാധീനം ചെലുത്തുകയും ചെയ്യുമ്പോൾ പഴയ വാശികൾ വിട്ടുകൊടുക്കാൻ തയ്യാറാകാതെ തന്റെയുള്ളിൽത്തന്നെ നടക്കുന്ന മത്സരമായാണ്.

പിണറായി വിജയൻ അധികാരത്തിലേറുമ്പോൾ അദ്ദേഹത്തിലുണ്ടായ മാറ്റങ്ങൾ ശ്രദ്ധിച്ചാൽ മതിയാകും; അന്നത്തെ കാലത്ത് ഭരണത്തെപ്പോലെതന്നെ വ്യക്തി എന്ന നിലയിലും എടുത്ത തീരുമാനങ്ങളും പെരുമാറ്റങ്ങളും. ഒരിക്കലും ചിരിക്കാൻ തയ്യാറാകാത്ത ആൾ ക്യാമറയ്ക്കു മുന്നിൽ പൊട്ടിച്ചിരിക്കുന്നു, പിറന്നാൾ മധുരം വിളമ്പുന്നു, ഇങ്ങനെ... തന്റെ ആവശ്യങ്ങൾ, ആനന്ദം നിറവേറ്റുന്നതിനുള്ള മാർഗ്ഗങ്ങൾ മാത്രമാണ് അന്നത്തെ കാലത്തെ ചിന്ത. വർഷം ഒന്നു കഴിയുമ്പോഴേക്കും സ്ഥിതിഗതികളിൽ മാറ്റം വന്നുതുടങ്ങി. ജനങ്ങളർപ്പിച്ച വിശ്വാസത്തിൽ കോട്ടംതട്ടിത്തുടങ്ങി എന്നറിഞ്ഞപ്പോഴും പലരും അദ്ദേഹത്തിന്റെ ബാലിശമായ വാശികൾക്കുമുന്നിൽ പ്രതികരിക്കാൻ മടിക്കുന്നതായിരുന്നു പിന്നീടുള്ള കാലം.

ഒരു ഭരണാധികാരിയിൽ ഇതൊരു ചെറിയ മാനസികപ്രശ്നമായി കണക്കാക്കാൻ പറ്റില്ല. അദ്ദേഹത്തിന്റെ ന്യായീകരണത്തൊഴിലാളികൾപോലും ഇതുതന്നെയാണ് ആവർത്തിക്കുന്നത്. നൂറിലേറെ മനുഷ്യജീവന് ഇത്രയും വിലമാത്രമേ നൽകാനാവുന്നുള്ളൂ എന്നത് ഗുരുതരമായ മാനസികപ്രശ്നമാണ്.

പതിയെ തന്റെ ആനന്ദത്തിന് ചേരുന്ന രീതിയിലല്ല ജനങ്ങളുടെ പെരുമാറ്റം എന്ന് തിരിച്ചറിഞ്ഞതോടെ അതിനെ പ്രതിരോധിക്കാനുള്ള ശ്രമങ്ങൾ തുടങ്ങുന്നു. ഫ്രോയ്ഡ് തന്നെപറയുന്നുണ്ട്: ആഗ്രഹത്തോടനുബന്ധിച്ചുള്ള പ്രേരണകൾ സഫലീകരിക്കപ്പെടാതെ വരുമ്പോൾ മാനസികസമ്മർദം ചില 'വഴിതെറ്റലുകൾ'ക്ക് വഴിയൊരുക്കുമെന്ന്. ഈ വഴിതെറ്റലാണ് ജനങ്ങളോടുള്ള വെല്ലുവിളിയായി ഏറ്റെടുക്കുന്നത്. ഇത് പിണറായി വിജയനിലെന്നപോലെതന്നെ പ്രധാനമന്ത്രി നരേന്ദ്രമോദിയിലും കാണാം. ചിലർ ഇത്തരം വഴിതെറ്റൽ വേളയിൽ പ്രതിരോധിക്കുക, സമൂഹത്തിന്റെ മുന്നിൽ അപേക്ഷയോടെയായിരിക്കും. അതാണ് നരേന്ദ്രമോദി നോട്ടുബന്ദിയ്ക്കുശേഷം കരഞ്ഞുകൊണ്ട് ജനങ്ങളെ അഭിസംബോധന ചെയ്തത്. ഇത് അവരുടെ മനസ്സിന്റെ പൂർണ്ണമായ അടിയറവുപറയലായി കണക്കാക്കാൻ പറ്റില്ല. ഒരു പ്രതിരോധമാർഗ്ഗം മാത്രമാണ്. ഹിറ്റ്ലറും ഇതുപോലെ ചെയ്തിട്ടുണ്ട് എന്ന് അദ്ദേഹത്തിന്റെ ഭരണകാലത്തെക്കുറിച്ചും ജീവിതത്തെക്കുറിച്ചും അറിയുന്നവർക്ക് അറിയാം.

മറ്റുള്ളവരെ എന്തിനും ഏതിനും പഴിക്കുന്നതും അവരിൽ ആരോപണം ചൊരിയുന്നതും ഒരു അഹംബോധ പ്രതിരോധമാണ്. മിക്കവാറും സന്ദർഭങ്ങളിൽ തന്റെ നേർക്ക് വരുന്ന കുറ്റാരോപണങ്ങളെ വഴിതിരിച്ചുവിടാനുള്ള ശ്രമമായാണ് പിണറായി വിജയൻ ചെയ്തത്. ഒരു ഉദാഹരണം: ഹിറ്റ്ലർ എന്ന സിനിമയിൽ മാധവൻകുട്ടിയുടെ പെങ്ങളെ പീഡിപ്പിച്ചതിനുശേഷം അധ്യാപകൻ (സോമന്റെ കഥാപാത്രം) പറയുന്ന വാക്കുകൾ: "അവളൊന്ന് ഉറക്കെ കരഞ്ഞിരുന്നെങ്കിൽ ഞാനൊന്ന് ഉണർന്നേനെ മാധവൻകുട്ടീ". ഇത് തന്റെ കുറ്റത്തെ മറയ്ക്കുകയും ആ പെൺകുട്ടിയെ പ്രതിക്കൂട്ടിലാക്കുന്നതുമായ വാക്കുകളാണ്. ഇതുപോലെയാണ് പിണറായി വിജയൻ അത്രയ്ക്കൊന്നും കുറ്റബോധമില്ലാതെ ചെയ്തുകൊണ്ടിരിക്കുന്നതും പറഞ്ഞുകൊണ്ടിരിക്കുന്നതും.

പ്രകൃതിയ്ക്കുവേണ്ടിയും പരിസ്ഥിതി സന്തുലനത്തിനുവേണ്ടിയും വാദിച്ചുകൊണ്ടിരിക്കുന്ന ജനങ്ങളെ വികസനവിരോധികൾ എന്നു വിളിച്ച് നേരിടാനൊരുങ്ങുകയാണ് മുഖ്യമന്ത്രി. ഈ പ്രകൃതിയുടെയും പരിസ്ഥിതിയുടെയും നാശത്തിൽ നിന്നും ഓഖി പോലുള്ള ചുഴലിക്കാറ്റുകളും ദുരന്തങ്ങളും സംഭവിക്കുമ്പോഴും ഒന്നും ചെയ്യാനാവാതെ നോക്കുകുത്തിയായി ഇരിക്കേണ്ടിവരുന്ന മുഖ്യമന്ത്രി നൂറുകണക്കിന് ആളുകൾ ഇപ്പോഴും തിരിച്ചുവരാനുണ്ടെന്നുപോലും ഓർക്കാതെ, പരിഗണിക്കാതെ മുന്നറിയിപ്പ് നൽകിയില്ലല്ലോ നിങ്ങൾ എന്ന മുട്ടായിപ്പുമായി പോരാടുന്നത് നേരത്തേപറഞ്ഞ അഹംഭാവത്തിന്റെയും അഹംഭാവപ്രതിരോധത്തിന്റെയും ഭാഗമാണ്. ഒരു ഭരണാധികാരിയിൽ ഇതൊരു ചെറിയ മാനസികപ്രശ്നമായി കണക്കാക്കാൻ പറ്റില്ല. അദ്ദേഹത്തിന്റെ ന്യായീകരണത്തൊഴിലാളികൾപോലും ഇതുതന്നെയാണ് ആവർത്തിക്കുന്നത്. നൂറിലേറെ മനുഷ്യജീവന് ഇത്രയും വിലമാത്രമേ നൽകാനാവുന്നുള്ളൂ എന്നത് ഗുരുതരമായ മാനസികപ്രശ്നമാണ്.

മനശാസ്ത്രജ്ഞനായ വില്യം റീഹ്



സ്വഭാവകവചത്തെക്കുറിച്ചുള്ള വിശകലനത്തിൽ പറയുന്നതിങ്ങനെയാണ്: ഒരാൾ കണ്ണാടിയിൽ നോക്കുമ്പോൾ ആ പ്രതിഫലനം ഇഷ്ടമല്ലെങ്കിൽ കണ്ണാടി തുടച്ചും ചാഞ്ഞും ചരിഞ്ഞും നോക്കും, താൻ ഇഷ്ടപ്പെടുന്ന തന്നെ കണ്ടെത്തുന്നതുവരെ. ('സെൽഫി' ഇല്ലാത്തതുകൊണ്ടായിരിക്കാം അക്കാലത്ത് കണ്ണാടിയെക്കുറിച്ച് പറഞ്ഞത്! പെട്ടെന്ന് സെൽഫിയെടുക്കാൻ എത്തിയ സ്കൂൾ വിദ്യാർത്ഥിയെ തടയുകയും പിന്നീട് ഇനി പുഞ്ചിരിച്ചോളൂ എന്നു പറഞ്ഞ് സെൽഫിയെടുക്കാൻ തയ്യാറാവുകയും ചെയ്ത മുഖ്യമന്ത്രി പിണറായി വിജയനെ ഇവിടെ ഓർക്കുന്നത് നന്നായിരിക്കും!) കണ്ണാടിയ്ക്കുപകരം ഒരുമറ്റുള്ളവരെ നിർത്തിയാലും ഇതുതന്നെയാണ് സംഭവിക്കുക. നമ്മുടെ കുറ്റങ്ങൾ അയാൾ പറയുമ്പോൾ ആദ്യം അയാളെ തിരുത്താൻ ശ്രമിക്കും. അതുകഴിഞ്ഞാൽ അയാളെ വെറുക്കാനായിരിക്കും ശ്രമിക്കുക. എന്നാൽ യഥാർത്ഥത്തിൽ പുറത്തു കാണുന്ന പ്രതിബിംബമാണോ ഞാൻ? അല്ലേയല്ല. അത് ഒരു ശാരീരിക പ്രതിഫലനം മാത്രമാണ്. എന്റെയുള്ളിൽ സ്ഥിതിചെയ്യുന്ന 'യഥാർത്ഥ ഞാൻ' ആണല്ലോ ഞാൻ. ഈ എന്നെ, ആത്മാവിനെ കണ്ണാടിയിൽ പ്രതിബിംബിക്കാൻ കഴിയില്ല. കണ്ണാടിയിൽ മാത്രമല്ല, മറ്റുള്ളവരിലും പ്രതിബിംബിക്കാൻ കഴിയുകയില്ല. അത് പ്രതിഫലനസ്വഭാവമുള്ളതല്ല. അത് സ്വയം ഉള്ളിലേക്ക് നോക്കുമ്പോൾ കാണുന്നതാണ്.

ഇതുതന്നെയാണ് സുധാകരകവി കവിതയുടെ അവസാനമായി എഴുതിവെച്ചതും, ശബരിമലയിലെത്തുമ്പോൾ അറിയുന്നതും. സുധാകരൻ ഇത് എത്രത്തോളം അറിഞ്ഞിട്ടുണ്ട് എന്നറിയില്ല. എങ്കിലും ആ കവിതയിൽ തിളങ്ങുന്ന അർത്ഥഗർഭമായ വാക്കുകൾ ഇതാണ് എന്നതിൽ സംശയമില്ല; ആ വാക്കുകൾ അദ്ദേഹത്തിന്റേതല്ലെങ്കിലും! ഈ കവിതയിൽനിന്നും ഈ വരിയുടെയെങ്കിലും അർത്ഥം പൂർണ്ണമായും മനസ്സിലാക്കാൻ മുഖ്യമന്ത്രി എന്ന നിലയിലും വ്യക്തിപരമായും പിണറായി വിജയന് സാധിക്കട്ടേ എന്നല്ലാതെ മറ്റെന്ത് പ്രത്യാശിക്കാനാണ്!

വാൽക്കഷണം: ഇടതുപക്ഷ സഹയാത്രികനായ ഒ.എൻ.വി. കുറുപ്പ് എഴുതിയ ഒരു സിനിമാഗാനത്തിന്റെ ഇടയിലുള്ള ഒരു വരി: "ശബ്ദസാഗരത്തിൻ അഗാധ നിശ്ശബ്ദ ശാന്തതയില്ലയോ....." എന്നതാണ്. ജി. സുധാകരന്റെ കവിതയിലുള്ള പ്രകൃതിഭംഗി കണ്ടപ്പോൾ ഈ വരികൾ ഓർത്തുപോയി. മറ്റൊരു സന്ദർഭത്തിലാണ് പറയുന്നതെങ്കിലും ഈ കാടിനെക്കുറിച്ചും ഇങ്ങനെ വായിക്കാമെന്ന്. അതേ ഗാനത്തിന്റെ ആദ്യവരികളും ഇവിടെ പ്രസക്തമാണ്. "കേവല മർത്യഭാഷ കേൾക്കാത്ത ദേവദൂതികയാണു നീ..." വേറിട്ടൊരു സന്ദർഭത്തിലാണ് കവി ഇങ്ങനെ പാടിയതെങ്കിലും സാധാരണമനുഷ്യന്റെ ശബ്ദം കേൾക്കാത്ത ഒരു ഭരണാധികാരിയെക്കുറിച്ചും ഈ വരികൾ വായിച്ചെടുക്കാവുന്നതല്ലേ?! ■